

# വിജയംവരെ പ്ലാച്ചിമടസമരം തുടരുകതന്നെ ചെയ്യും : ആർ. അജയൻ

**പ്ലാച്ചിമട ഐക്യദാർഢ്യസമിതി കൺവീനർ ആർ. അജയൻ സംസാരിക്കുന്നു.**



***പ്ലാച്ചിമട സമരത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്?***

ജനിച്ച മണ്ണിലെ വെള്ളം കുടിക്കാൻ കഴിയാതാവുന്നവർ നടത്തുന്ന സമരമാണിത്. സഹനത്തിന്റെ നെല്ലിപ്പലക കണ്ടിരിക്കുകയാണ് ഇപ്പോൾ.

സമരത്തിന്റെ ഒരു നിർണ്ണായക ഘട്ടമാണിത്. കഴിഞ്ഞ ദിവസം കോക്കകോള കമ്പനി ട്രയൽ റൺ നടത്തിയതായി വാർത്തകൾ കണ്ടു. അത് ഒരു പ്രചരണമായിരുന്നു. ആഗസ്റ്റ് 12 ന് സുപ്രീംകോടതിയിൽ പ്ലാച്ചിമട കേസ് പരിഗണനയിൽ വരുമെന്നും അപ്പോൾ കമ്പനി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് എന്ന സ്ഥിതി വരുന്നത് പഞ്ചായത്തിന്റെ അപ്പീലിൽ സ്റ്റേ ഓർഡർ ഇല്ലാതാക്കി സ്റ്റാറ്റസ്കോ വിധി നേടാനും വേണ്ടിയുള്ള തന്ത്രമായിരുന്നു ഇത്. കോടതി വിധികൾ ഇപ്പോൾ എല്ലാം സ്റ്റാറ്റസ്കോ വിധികളാണല്ലോ.

കമ്പനിക്കു ഇനി ഒരിക്കലും തുറന്നു പ്രവർത്തിക്കാനാകില്ല. ജൂൺ 1 ന്റെ കോടതി വിധി കേട്ടശേഷം ജൂൺ 2 ന് കൂടിയ ജനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട് പ്ലാച്ചിമടയിൽ കോക്കകോള കമ്പനി ഇനി പ്രവർത്തിക്കാൻ അനുവദിക്കില്ല എന്ന്.

***പ്ലാച്ചിമട സമരത്തിനുവേണ്ടിയുള്ള ഭാവി പ്രവർത്തനങ്ങൾ എങ്ങിനെയാണ്?***

സമരം പുതിയ ഘട്ടത്തിലേക്ക് നീങ്ങുകയാണ്. ഒരു വർഷത്തിനുമേലെ കോക്കകോള പൂട്ടികിടന്നത് പ്ലാച്ചിമട സമരത്തിന്റെ വിജയമാണ്.

ഇപ്പോൾ കേരള ഗവൺമെന്റും സുപ്രീം കോടതിയിൽ അപ്പീൽ പോകാൻ തയ്യാറാകുന്നതും സമരത്തിന്റെ വിജയമാണ്. എന്നാലും പ്ലാച്ചിമടയിലെ കോക്ക കോള കമ്പനിയുടെ കുറ്റങ്ങൾക്ക് കമ്പനി ശിക്ഷിക്കപ്പെടുകയും യാതനകളനുഭവിക്കുന്നവർക്ക് നഷ്ടപരിഹാരം ലഭിക്കുകയും കമ്പനി പുറത്താക്കപ്പെടുകയും ചെയ്യുക എന്ന യഥാർത്ഥ വിജയം നേടുന്നതുവരെ പ്ലാച്ചിമട സമരം തുടരുക തന്നെ ചെയ്യും.

'കോക്കകോള വലിച്ചെറിയുക' എന്ന മുദ്രാവാക്യവുമായി സോളിഡാരിറ്റി യുവാക്കളും 'കോക്കകോള കമ്പനി പിടിച്ചെടുക്കുക' എന്ന ആവശ്യവുമായി യുവജനവേദി യുവാക്കളും മുന്നോട്ട് വരുന്നതുപോലെ വ്യത്യസ്ത സമരരൂപങ്ങളുമായി വിവിധ സംഘടനകൾ ഇനിയും മുന്നോട്ടുവവരും. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും മറ്റു സംഘടനകളുടേയും പിന്തുണ പ്ലാച്ചിമട സമരത്തിന് ഉറപ്പുവരുത്തുവാനും ആണ് ഐക്യദാർഢ്യ സമിതി ശ്രമിയ്ക്കുന്നത്. ഇതുവരെ പ്ലാച്ചിമട സമരത്തോട് ഐക്യപ്പെട്ടവരെ ഒരുമിപ്പിച്ച് പ്ലാച്ചിമട സമരത്തിന്റെ യഥാർത്ഥ വിജയം നേടുന്നതുവരെ സമരം തുടരണം. ഓരോസമയത്തും ജനങ്ങൾ എന്തെന്ത് സമരരൂപങ്ങൾ എടുക്കുമെന്ന് പറയാനാകില്ല. ഓരോ ഘട്ടത്തിലും പരിപാടികൾ ആസൂത്രണം ചെയ്യുകയും ആസൂത്രണം ചെയ്തവയുടെ വിജയത്തിനാവശ്യമായ സമരരീതികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് ജനങ്ങളുടെ സമരത്തിന്റെ രീതി.

*നീരജം, കുടപ്പനക്കുന്ന്, തിരുവനന്തപുരം-43*

---

വൻതോതിലുള്ള ഭൂഗർഭജലത്തിന്റെ അളവ് പരിസരത്തുള്ള പി.എ.പി. കനാൽ ഒഴുക്കിനെയും ബാധിക്കും. ഇക്കാര്യത്തിനെപ്പറ്റി ശ്രദ്ധിച്ചിട്ടില്ല.

● അനുബന്ധം 2 ബിയിൽ, കൊക്കകോള ഫാക്ടറി പരിസരത്തുള്ള കിണറുകൾ നിരീക്ഷിച്ചതിൽനിന്നും ലഭിച്ച വിവരങ്ങൾ കൊടുത്തിരിക്കുന്നു. ഇത് 29-10-2002 മുതൽ 10-01-2005 വരെയുള്ള സമയത്തെ കണക്കാണ്. പക്ഷെ മാർച്ച് 2004 മുതൽ ഈ ദിവസം വരെ കമ്പനി അടച്ചിട്ടിരിക്കുകയാണ്. 67 ദിവസങ്ങളിലെ കണക്ക് കൊടുത്തിരിക്കുന്നതിൽ, 2003 ലേതായി ഒമ്പതു ദിവസങ്ങളും 2004 ലേതായി നാലു ദിവസങ്ങളും മാത്രമേയുള്ളൂ. ഈ കണക്കുകളെല്ലാം തന്നെ, ഭൂഗർഭജലം വലിച്ചെടുക്കുക വഴി ഭൂഗർഭജല അളവിൽ വന്ന മാറ്റങ്ങൾ കണ്ടുപിടിക്കാൻ അപര്യാപ്തമാണ്.

● അന്വേഷണത്തിന്റെ ചുരുക്കം വിവരിക്കുന്ന ഭാഗത്ത് (ഖണ്ഡിക 6, പേജ് 10) നൂറ് ശതമാനം കിണറുകളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് സെൻസസ് എടുത്തതെന്ന് പറയുന്നു. പക്ഷെ, ഈയൊരു പഠനത്തിന്റെ വിശദാംശങ്ങൾ കൊടുത്തിട്ടില്ല. ആ വിശദാംശങ്ങൾ ഉണ്ടായിരുന്നെങ്കിൽ ഫാക്ടറിയുടെ പരിസരത്തുള്ള കിണറുകളിലെ ജലത്തിന്റെ അളവ് താഴ്ന്നതിനെപ്പറ്റി എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുമായിരുന്നു.

● ചിറ്റൂർ ബ്ലോക്കിൽ ലഭ്യമായ മൊത്തം ഭൂഗർഭജല അളവ് 66.7 എം.സി.എം. ആണെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇതു കൂടാതെ ഗാർഹിക-ജലസേചനത്തിനായി വരുന്ന വാർഷിക അളവ് 62.5 എം.സി.എം. ആണെന്നും, ഉപയോഗത്തിനാവശ്യമായവ കഴിഞ്ഞ് പിന്നേയും 4.2 എം.സി.എം. മിച്ചം വരുമെന്നും പറയുന്നു. ഇവയെല്ലാം തന്നെ ഊതിപ്പെരുപ്പിച്ച സാമാന്യവൽക്കരണങ്ങളാണ്. ചൂഷണത്തിനെ മറയ്ക്കുവാനോ മുഖം മൂടിയണിയിക്കുവാനോ വേണ്ടി എല്ലാവർക്കും അറിയാവുന്ന വസ്തുതകൾ പോലും മനഃപൂർവ്വം ഒഴിവാക്കിയിരിക്കുന്നു.

*പി.ബി. 2230, തിരുവനന്തപുരം*

## രാജഗോപാൽ വക്കീലിന് ആദരാഞ്ജലികൾ



മനുഷ്യാവകാശ പ്രവർത്തകനും 'തിരിച്ചറിവ്' മാസികയുടെ പത്രാധിപരുമായിരുന്ന അന്തരിച്ച അഡ്വ. എസ്. രാജഗോപാൽ നിയമ, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിൽ സജീവസാന്നിദ്ധ്യമായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ നീതിക്കും ജീവന്റെ അവകാശങ്ങൾക്കുംവേണ്ടി പ്രവർത്തനങ്ങൾ ജാഗ്രതയോടെ തുടരുമെന്ന നമ്മുടെ പ്രത്യാശയോടെ.............